താങ്ങുവില പ്രഖ്യാപിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിനു മുന്നിൽ ഉന്നയിച്ചിട്ടുണ്ട്.

29 (*239) റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് അപകടങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ റോഡപകടങ്ങളിൽ ബസ് അപകടങ്ങളാണ് എണ്ണത്തിൽ കൂടുതൽ എന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് അന്വേഷിച്ചുവോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ബസ് അപകടങ്ങളിൽ ഏറിയ പങ്കും ഡ്രൈവർമാരുടെ പിഴവുകൾ കൊണ്ടാണ് സംഭവിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്തെ ബസ് അപകടങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളും ഉൾപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ജി) സർവ്വീസുകൾക്ക് ആവശ്യമായ റണ്ണിംഗ്ടൈം അനുവദിച്ചും ഡ്രൈവർമാർക്ക് ആവശ്യമായ വിശ്രമം കൊടുത്തും കെ.എസ്.ആർ.ടിസി. ബസ്സുകൾ ഉൾപ്പെടുന്ന അപകടം കുറയ്ക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എച്ച്) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) റോഡുസുരക്ഷ ലക്ഷ്യമാക്കി കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർമാർക്ക് വ്യാപകമായി പരിശീലനം നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 7.6.97-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ 9.5.97-ലെ സർക്കാർ ഉത്തരവ് (എം.എസ്) 55/97/പി.ഡബ്ല്യൂ. ആന്റ് ടി. പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതിയും പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു 'എംപവേർഡ് കമ്മിറ്റിയും' രൂപീകരിക്കുകയുണ്ടായി. ഉന്നതാധികാര സമിതിയുടെ നിർദ്ദേശങ്ങൾ പലതും ഇതിനോടകം നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. റോഡപകടങ്ങൾ എണ്ണത്തിൽ കൂടുതൽ ഇരുചക്രവാഹനങ്ങളാണ്.

(സി)&(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ)&(എഫ്) ഉണ്ട്.

(ജി) ആവശ്യമായ റണ്ണിംഗ് സമയവും ഡ്രൈവർമാർക്ക് ആവശ്യമായ വിശ്രമസമയവും ലഭിക്കത്തക്കവിധത്തിലാണ് കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) കെ.എസ്.ആർ.ടി.സി. യുടെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ ഡ്രൈവർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് വിപുലമായ പദ്ധതികൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ പുറത്തുനിന്നുള്ള വിദഗ്ദ്ധരായ അദ്ധ്യാപകരും മനഃ ശാസ്ത്രജ്ഞരും ഡോക്ടർമാരും ഇവർക്കായി ക്ലാസെടുക്കുന്നുണ്ട്. മോശമായ ഡ്രൈവിംഗ് രീതികളുള്ളവരെ കണ്ടെത്തി അവർക്ക് ''കറക്ടീവ് ട്രെയിനിംഗ്'' നൽകുന്നുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും പി.എസ്.സി. വഴിയും നിയമനം ലഭിക്കുന്നവരെ ട്രെയിനിംഗ് സെന്ററിൽ പരിശീലനം നൽകിയശേഷം മാത്രമേ സർവ്വീസിന് അയക്കാറുള്ളൂ.

30 (*240) ക്ഷേത്രത്തിൽ അവതരിപ്പിക്കുന്ന കലാപരിപാടികൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളിൽ ഉത്സവാഘോഷവേളയിൽ ഏതെല്ലാം വിധത്തിലുള്ള പരിപാടികൾ നടത്തരുതെന്നാണ് 1999 ഡിസംബർ 20-ന് ദേവസ്വം ബോർഡ് സെക്രട്ടറി ഉത്തരവിറക്കിയിട്ടുള്ളത്;

(ബി) ഇത്തരം പരിപാടികൾ 2000-മാണ്ട് ജനുവരി മുതൽ നടത്തിയിട്ടുള്ള ക്ഷേത്രങ്ങൾ സംസ്ഥാനത്തുണ്ടോ;

(സി) ഈ ഉത്തരവു ലംഘിച്ച ക്ഷേത്ര ഉദ്യോഗസ്ഥന്മാരുടെ മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഉത്സവങ്ങോടനുബന്ധിച്ച് കഥകളി, ഓട്ടൻതുള്ളൽ, കൂത്ത്, പാഠകം, സംഗീത കച്ചേരി തുടങ്ങിയ പാരമ്പര്യ കലകൾക്ക് പ്രധാന്യം നൽകണമെന്ന് ബോർഡ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ക്ഷേത്രാന്തരീക്ഷത്തിന് ഒട്ടും യോജിച്ചതല്ലാത്ത ബ്രേക്ക് ഡാൻസ്, മിമിക്സ് പരേഡ് മുതലായവയും അതുപോലെ ഹിന്ദുമതത്തെയും ആചാരങ്ങളെയും മോശമായി ചിത്രീകരിച്ചുകൊണ്ടുള്ള ചില നാടകങ്ങളും ചില ക്ഷേത്രോപദേശക സമിതികൾ ഉത്സവ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അപ്രകാരമുള്ള പ്രോഗ്രാമുകൾ

LIBRARY ARCHIVES Kerala Legislative Assembly